# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 499 — 06.03.2012-ൽ മറുപടിയ്ക്ക്

## വനം കൊള്ളയും വനനശീകരണവും തടയുന്നതിനു സ്വീകരിച്ച നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബാബു എം.പാലിശ്ശേരി : | ശ്രീ..കെ.ബി. ഗണേഷ്കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനംകൊള്ളയും വനനശീകരണവുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; | (എ) 890 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) വനംകൊള്ളയും വനനശീകരണവും തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ; വിശദാംശം വ്യക്തമാക്കുമോ ? | ബി) വനംകൊള്ളയും വനനശീകരണവും തടയുന്നതിനായി ഫലപ്രദമായ നടപടികൾ വനം വകുപ്പ് സ്വീകരിച്ചു വരുന്നു. വനമേഖലകളിൽ നിരന്തരം പട്രോളിംഗ് നടത്തിയും ചെക്ക്പോസ്റ്റുകൾ വഴി കർശന പരിശോധന നടത്തിയും രഹസ്യാന്വേഷണ പ്രവർത്തനങ്ങളിലൂടെയും സംരക്ഷണ ജീവനക്കാർ വനാന്തരങ്ങളിൽ ക്യാമ്പു ചെയ്തും ആന്റി പോച്ചിംഗ് ക്യാമ്പുകൾ സംഘടിപ്പിച്ചും വനം കൊള്ള തടയുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ തദ്ദേശീയരായ വാച്ചർമാരുടെയും വനസംരക്ഷണ സമിതികളുടെയും ഇക്കോഡവലപ്മെന്റ് കമ്മിറ്റികളുടെയും സഹായത്തോടുകൂടി രാത്രികാല റോന്തുചുറ്റലും, വനപരിശോധനയും നടത്തി വനസംരക്ഷണം ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. സംരക്ഷണ ജീവനക്കാർക്ക് ആവശ്യമായ വാഹനങ്ങൾ, ആയുധങ്ങൾ, വാർത്താവിനിമയ ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കി വനംകൊള്ള തടയുന്നതിനും വനനശീകരണം തടയുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ